നം. ഇ5 - 1574/15

വളരെ അടിയന്തിരം

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 20.01.2015.

സാമൂഹ്യ നിതി ഡയറക്ടർ.

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - ഒരു വിഭാഗം സർക്കാർ ജീവനക്കാരും അദ്ധ്യാപകരും നടത്തുന്ന 2015 ജനുവരി 22- ാം തീയതിയിലെ പണിമുടക്ക് ദിവസത്തെ ഹാജർനില ലഭ്യമാക്കുന്നത് - സംബന്ധിച്ച് :

സൂചന :- 1) ജി.ഒ (പി) നം. 22/2015/പൊ.ഭ.വ തീയതി 19.1.15.
2) 19.1.15 ലെ 3243/S.S.I/15/പൊ.ഭ.വ നമ്പർ സർക്കാർ കത്ത്.

2015 ജനുവരി 22 - ന് സംസ്ഥാനത്തെ ഒരു വിഭാഗം സർക്കാർ ജീവനക്കാരും അദ്ധ്യാപകരും നടത്തുന്ന പണിമുടക്കിൽ പങ്കെടുത്ത് ഓഫീസിൽ ഹാജരാകാതിരിക്കുന്ന ജീവനക്കാർക്ക് സൂചന (1) ലെ ഉത്തരവ് പ്രകാരം "ഡയസ്നോൺ" ഉത്തരവായിട്ടുണ്ട്. എല്ലാ വകുപ്പദ്ധ്യക്ഷൻമാരും 2015 ജനുവരി 22- ാം തീയതിയിലെ ഹാജർ പട്ടിക എല്ലാ സബ് ഓഫീസുകളിൽ നിന്നും ശേഖരിച്ച് ടെലഫോൺ മുഖേന 10.30 ന് മുൻപായി സർക്കാരിൽ അറിയിക്കുവാൻ സൂചന (2) പ്രകാരം നിർദ്ദേശിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ 2015 ജനുവരി 22- ാം തീയതിയിലെ ഹാജർ പട്ടിക താങ്കളുടെ ജില്ലയിലെ കീഴ്കാര്യാലയങ്ങളിൽ നിന്നും സമാഹരിച്ച് താങ്കളുടെ കാര്യാലയത്തിലേത് ഉൾപ്പെടെ ടെലഫോൺ മുഖേന 10.15 ന് തന്നെ ഈ കാര്യാലയത്തിൽ അറിയിക്കുവാനും അതോടൊപ്പം അന്നേ ദിവസം ഓഫീസിൽ ഹാജരാകാത്ത ജീവനക്കാരുടെ പേര്, തസ്തിക, സ്ഥാപനത്തിന്റെ പേര് എന്നിവ തയ്യാറാക്കി അയച്ചുതരാനും നിർദ്ദേശിക്കുന്നു.

ഒരു വിഭാഗം ജീവനക്കാരുടെ പണിമുടക്കുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സൂചന (1) ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും 22- ാം തീയതിയിലെ ഹാജർ 10.15 ന് തന്നെ ഫോൺ മുഖേന അറിയിക്കുന്നതിലും വീഴ്ചയുണ്ടാകാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

PS/